**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3713** 15-07-2022 - ൽ മറുപടിയ്ക്ക്

**സർക്കാർ ഓഫീസുകളുടെ പ്രവൃത്തി ദിനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി. കെ. ബഷീർ | | ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി) | |
| (എ) | പതിനൊന്നാം ശമ്പള കമ്മീഷന്റെ ഏഴാമത് റിപ്പോർട്ടിലും ഭരണ പരിഷ്ക്കാര കമ്മീഷൻ റിപ്പോർട്ടിലും സർക്കാർ ഓഫീസുകളുടെ പ്രവർത്തനം ആഴ്ചയിൽ 5 ദിവസം ആക്കാൻ ശിപാർശ ചെയ്തിരുന്നോയെന്നും ഇക്കാര്യത്തിൽ സർക്കാർ നിലപാട് എന്താണെന്നും വ്യക്തമാക്കാമോ; | (എ) | സർക്കാർ ഓഫീസുകളുടെ പ്രവൃത്തി ദിവസം ആഴ്ചയിൽ 5 ദിവസം ആക്കണമെന്ന് പതിനൊന്നാം ശമ്പള കമ്മീഷനും ഭരണ പരിഷ്ക്കാര കമ്മീഷനും ശിപാർശ ചെയ്തിട്ടുണ്ട്. ഇക്കാര്യം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല. |
| (ബി) | കേന്ദ്ര സർക്കാരും മറ്റനേകം സംസ്ഥാന സർക്കാരുകളും ബാങ്ക് ഉൾപ്പെടെയുള്ള പൊതുമേഖലാ സ്ഥാപനങ്ങളും പ്രവൃത്തിദിനം ആഴ്ചയിൽ 5 ആക്കിയ സാഹചര്യത്തിൽ സംസ്ഥാനത്തും സർക്കാർ ഓഫീസുകളുടെ പ്രവൃത്തി സമയം ക്രമീകരിച്ചു കൊണ്ട്, സമിതിയുടെ പ്രസ്തുത ശിപാർശ നടപ്പാക്കുന്നത് പരിഗണിക്കുമോയെന്ന് അറിയിക്കാമോ? | (ബി) | സർക്കാർ ഓഫീസുകളുടെ പ്രവൃത്തി ദിവസം ആഴ്ചയിൽ 5 ദിവസം ആക്കണമെന്ന് പതിനൊന്നാം ശമ്പള കമ്മീഷനും ഭരണ പരിഷ്ക്കാര കമ്മീഷനും ശിപാർശ ചെയ്തിട്ടുണ്ട്. ഇക്കാര്യം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ